# 2.നിലാവുപെയ്യുന്ന നാട്ടുവഴികൾ

## ഓണമുറ്റത്ത്-വൈലോപ്പിള്ളി ശ്രീധരമേനോൻ

### [കവിതാ അപഗ്രഥനം-ചോദ്യങ്ങൾ, ഉത്തരങ്ങൾ]

1. 'ഓണമുറ്റത്ത് 'എന്ന കവിത ആരുടെ രചനയാണ്?

വൈലോപ്പിള്ളി ശ്രീധരമേനോൻ

2 'കാച്ചിക്കുറുക്കിയ കവിത' എന്ന വിശേഷിപ്പിക്കുന്നത് ആരുടെ കവിതകളെയാണ്.?

വൈലോപ്പിള്ളി കവിതകൾ

3. 'ഓണമുറ്റത്ത്' എന്ന കവിത ഏത് സമാഹാരത്തിൽ നിന്നെടുത്തതാണ്?

വിട

4. വൈലോപ്പിള്ളി എഴുതിയ കാവ്യ നാടകം ഏതാണ്?

മൃതസഞ്ജീവനി

5. മലയാളത്തിൽ 'ശ്രീ ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആരാണ്?

വൈലോപ്പിള്ളി ശ്രീധരമേനോൻ

6. നല്ലതിഥിനമുക്കിനിയാരിതുപോലെ - ഇവിടെ സൂചിപ്പിക്കുന്ന ***നല്ലതിഥി*** ആരാണ്?

മഹാബലി മന്നൻ

7.***മധുരോദാരം*** -എന്നതിന്റെ വിഗ്രഹരൂപം എന്ത്?

മധുരവും ഉദാരവും

8. മലർക്കളമെഴുതിക്കാത്തോര***<u>രചനെ</u>*** ! അടിവരയിട്ട പദത്തിന്റെ അർത്ഥമെന്ത്? ഇവിടെ സൂചിപ്പിക്കുന്ന അരചൻ ആരാണ്?

ചക്രവർത്തി ,മഹാബലി രാജാവ്

9. നവരത്നങ്ങളിൽപ്പെടാത്തത് ഏത്?

മുത്ത്, മാണിക്യം, വൈഢൂര്യം, സ്വർണം ,ഗോമേദകം, വജ്രം, പവിഴം, പത്മരാഗം, മരതകം, ഇന്ദ്രനീലം,

***സ്വർണം***

10. **ഓണപ്പാട്ടുകളോടുള്ള പുതിയ കാലത്തിന്റെ സമീപനം** എങ്ങനെയുള്ളതാണ്?

പുതുതലമുറ ഓണപ്പാട്ടുകളെ 'പഴമയിലിഴയുന്നപാട്ടു' കളാണ് എന്ന് പരിഹസിക്കുന്നു.പാരമ്പര്യത്തെയും മണ്ണിനെയും കാർഷിക സംസ്കൃതിയെയും മറക്കുന്നു. വിപണി കീഴടക്കിയ ഓണവും ഓണാഘോഷങ്ങളുമാണ് പുതുതലമുറക്ക് ഏറെ പ്രിയം. പുള്ളുവപ്പാട്ടും വീണയുമെല്ലാം പുത്തൻ പരിഷ്കാരങ്ങൾക്ക് വഴിമാറി.

11. ''**ഞങ്ങടെ കൊച്ചുകിനാവുകൾ തേടിയലഞ്ഞു**
**മലർക്കളമെഴുതിക്കാത്തോരരചനെ**'' ----ആശയം വ്യക്തമാക്കുക.?

മലയാളിയുടെ മനസ്സിൽ ഗൃഹാതുരത്വം നിറയ്ക്കുന്ന ആഘോഷമാണ്ഓണം. സമത്വസുന്ദരമായ ഒരു നാടിനെക്കുറിച്ചുള്ള മലയാളിയുടെ സ്വപ്നം മഹാബലിയുമായി ബന്ധപ്പെട്ടതാണ്.കർഷകരും അധ്വാനിക്കുന്നവരും ദുരിതമനുഭവിക്കുന്നവരും സമത്വസുന്ദരമായ നാടിനെ

സ്വപ്നം കാണുന്നു. അത്തം മുതൽ തിരുവോണം വരെ പൂക്കളമൊരുക്കി മാവേലിയെ വരവേൽക്കാനായി കാത്തിരിക്കുന്ന മലയാളികൾക്ക്, പ്രത്യാശയുടെ പുതുവർഷമാണ് ഓണക്കാലം തീർക്കുന്നത്.

12. **"കൊഞ്ചലൊടെൻപ്രിയമകളാം വീണപ്പെണ്ണും"** എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?

കവിയും കവിതയും തമ്മിലുള്ള ആത്മബന്ധമാണ് ഇവിടെ സൂചിപ്പിക്കുന്നത്.പുള്ളുവവീണയെ മകളായി കല്പിക്കുന്നു.കവി പുള്ളുവനായി മാറുന്നു. മധുരഗാനം പൊഴിക്കുന്ന കവിയുടെ കൈയിലെ വീണ കവിതയാകുന്നു. നാടോടിസംസ്കൃതിയെയും കാർഷിക പാരമ്പര്യത്തെയും തോറ്റിയുണർത്തുന്ന കവി ഇവിടെ ഒരു പുള്ളുവനാകുന്നു.

13."ഓണക്കാലത്തുണരും ഞാൻ,തിരു
വോണപ്പാട്ടുകളാണെൻ പാട്ടുകൾ----ഈ വരികളുടെ ഔചിത്യം വ്യക്തമാക്കുക.

ഗൃഹാതുരത്വം നിറയുന്ന ഓണക്കാലത്ത് കവിയും ഉണരുന്നു.ഓണക്കാലത്തെ പ്രകൃതിയും ഓണപ്പാട്ടുകളുടെ ലാളിത്യവും ജീവിതദർശനവും കവി വൈലോപ്പിള്ളിക്ക് എന്നും പ്രചോദമാകുന്നു. ഓണപ്പാട്ടുകളാണ് കവിയുടെ പാട്ടുകൾ.എല്ലാവരുടെയും എക്കാലത്തെയും പാട്ടുകളാണവ.ഓണപ്പാട്ടുകാരൻ എന്ന് കവി അദ്ദേഹത്തെ സ്വയം വിശേഷിപ്പിക്കുന്നു.

14. **'ഇവരറിയുന്നിലെന്നഭിമാനം'** എന്ന കവിയുടെ വാക്കുകൾ സൂചിപ്പിക്കുന്നത് എന്തെന്ന് വ്യക്തമാക്കുക.?

കാവ്യപാരമ്പര്യത്തിലും സംസ്കാരത്തിലും അഭിമാനംകൊള്ളുന്ന കവി.ആര് തന്നെ പരിഹസിച്ചാലും തളരില്ലെന്ന് കവി പറയുന്നു. അചഞ്ചലവും ആത്മാർത്ഥവുമാണ് ഗ്രാമ ജീവിത ധന്യതയെക്കുറിച്ചുള്ള കവി സങ്കല്പം.

15. **'പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ടാ..........''**
**''പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ....................** ''എന്നീ പ്രയോഗങ്ങൾ നൽകുന്ന അർത്ഥസാധ്യതകൾ കണ്ടെത്തുക?

പഴയസംസ്കാരത്തിനും ഓണസങ്കല്പത്തിനും നാടോടിപ്പാട്ടുകൾക്കും സംഭവിച്ചുകൊണ്ടിരിക്കുന്നഅപചയവും പരിഷ്കാരികൾ എന്ന് അഭിമാനിക്കുന്നവരുടെ മനോഭാവവും ഇവിടെകാണാം.ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ട സമൂഹത്തെയാണ് പരിഷ്കാരത്തിന്റെ തിണ്ണയിലിരിക്കുന്നവർ എന്ന് കവി വിശേഷിപ്പിക്കുന്നത്.പാരമ്പര്യത്തിലൂന്നിയ കവിയുടെ പാട്ടിനെ പഴമയിലിഴയുന്ന പല്ലുകൊഴിഞ്ഞൊരു പാട്ടാണെന്ന് പുതുതലമുറ പരിഹസിക്കുന്നു.

16. **ഓണക്കാലത്തെ പ്രകൃതി** എങ്ങനെയെല്ലാമാണ് അണിയിച്ചൊരുക്കുന്നത്?

ഓണക്കാലത്തെ വരവേൽക്കാൻ പ്രകൃതി വളരെ മനോഹരമായാണ് ഒരുങ്ങിനിൽക്കുന്നത്. തുമ്പ മഴയത്ത് നനഞ്ഞ് ,മലർക്കുട നിറച്ച് വിറച്ചുനിൽക്കുന്നു.മുക്കുറ്റി തിരികൾ തെറുത്ത് ദീപക്കുറ്റികൾ നാട്ടിനിൽക്കുന്നു.വയലേലകളുടെ നടുവിൽ നെയ്യാമ്പൽ ഉറങ്ങാതെ പൊൽക്കിഴിയെരിയുന്ന വെള്ളിത്താലമെടുത്ത് നിൽക്കുന്നു.കമുക് പൂവരിളുകുന്നു.മലകൾ ചങ്ങലവട്ട തീർത്തും സൂര്യൻ കത്തുന്നതിരിയായും ഉഷസ് ഓണക്കോടിയുടുത്തും ഗ്രാമീണകന്യകയായി ഒരുങ്ങിനിൽക്കുന്നു.

17. **''നീളും മലയുടെ ചങ്ങലവട്ടയിൽ**
**നാളം പാടലവിരലാൽ നീട്ടിയു**
**മോമൽക്കവിളു തുടുത്തും തെല്ലൊരു**
**നാണത്തോടു പരുങ്ങിയൊരുങ്ങിട്ടു**
**മോണക്കോടിയുടുത്തൊരുഷസ്സേ** '' വരികളിലെ പ്രയോഗഭംഗി കണ്ടെത്തുക?

ഓണക്കാലത്തെ പ്രഭാതത്തിന്റെ മനോഹരമായ ഒരു വാങ്മയചിത്രമാണ് വരികളിൽ

അവതരിപ്പിച്ചിരിക്കുന്നത്. ചുവന്ന ഉടുത്ത്, ഓണക്കോടിയുടുത്ത് നാണത്തോടെ പരുങ്ങിയൊരുങ്ങി, ചുവന്നവിരലുകളാൽ ചങ്ങലവട്ടയിലെ തിരിനാളം നീട്ടുന്ന ഗ്രാമീണപ്പെൺകിടാവായി ഓണപ്പുലരിയെ വർണിച്ചിരിക്കുന്നു.

ഇവിടെ മലനികളെ ചങ്ങലവട്ടയായും സൂര്യനെ അതിനിടയിൽ തെളിയുന്ന ദീപനാളമായും വർണിക്കുന്നു. പ്രഭാതത്തെ , ഓണക്കോടിയുടുത്തൊരുങ്ങി ദീപം തെളിയിക്കുന്ന ഗ്രാമീണകന്യകയുടെ രൂപഭാവചലനങ്ങളോടെ ചിത്രീകരിച്ചിക്കുന്നതിനാൽ വരികൾ ഏറെ ഹൃദ്യമാകുന്നു.

18. **പഴയൊരു പുള്ളുവനാണല്ലോ ഞാൻ** -കവി തന്നെ പുള്ളുവനായി അവതരിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക.?

നാടോടിസംസ്കൃതിയെയും കാർഷിക പാരമ്പര്യത്തെയും തോറ്റിയുണർത്തുന്ന കവി ഇവിടെ ഒരു പുള്ളുവനാകുന്നു. നാട്ടു നന്മകളെ വിളിച്ചുണർത്തുന്ന ദൗത്യം കവി ഏറ്റെടുക്കുന്നു. നാടോടി കാവ്യപാരമ്പര്യത്തിൽ അഭിമാനംകൊള്ളുന്ന കവി താനും അതിലെ ഒരു കണ്ണിയാണെന്ന് അഭിമാനിക്കുന്നു.

പുള്ളുവൻ നാടോടി കാവ്യപാരമ്പര്യത്തിന്റെ പ്രതീകമാണ് . അധ്വാനത്തിൽ സംതൃപ്തി കണ്ടെത്തുന്ന പുള്ളുവനായി കവി സ്വയം വിശേഷിപ്പിക്കുന്നു .പാടത്തും പറമ്പിലും അധ്വാനിക്കുന്നവർക്ക് ആശ്വാസവും ആവേശവുമായി,അവരുടെ പാരമ്പര്യത്തിന്റെ പാട്ടുകാരനാവുകയാണ് വൈലോപ്പിള്ളി.

വ്യക്തിപരമായി തന്റെ കവിതക്ക് ലഭിക്കാതെ പോയ അംഗീകാരവും കവിതയോട് കാട്ടുന്ന അവഗണനയും വരികളിൽ നിന്നു വായിച്ചെടുക്കാം.

**19. "പൊന്നിൻചിങ്ങം വന്നുപിറന്നു ക**
**രഞ്ഞു ചിരിച്ചു കട,ഞ്ഞോണത്തിൻ**
**മധുരക്കറി മണിവായിൽ തേച്ചതു**
**നൊട്ടിനുണച്ചു കളിക്കും**-----ഈ വരികളിലെ പ്രയോഗഭംഗി കണ്ടെത്തുക?

മലയാളിയുടെ മനസ്സിൽ ഗൃഹാതുരത്വം നിറയ്ക്കുന്ന ആഘോഷമാണ്ഓണം. കരഞ്ഞ് ചിരിച്ച് കാൽകടഞ്ഞ് വായിൽ മധുരം നൊട്ടിനുണയുന്ന കുഞ്ഞിനെപ്പോലെ പൊന്നിൻ ചിങ്ങം വന്നു പിറക്കുന്നു. വറുതിയുടെ കർക്കടകത്തിൽ നിന്നും പൊന്നിൻ ചിങ്ങത്തിലേക്ക് എത്തുമ്പോൾ പ്രകൃതിയിലാകെ പ്രകാശം പരക്കുന്നു.

ചിങ്ങമാസത്തെ കുഞ്ഞിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.കുഞ്ഞിന്റെ കരച്ചിലും ചിരിയും അംഗചലനങ്ങളും പ്രകൃതിയിലുണ്ടാകുന്ന മാറ്റത്തെ സൂചിപ്പിക്കുന്നു.ചാറ്റൽമഴയെ കുഞ്ഞിന്റെ കരച്ചിലായും ഇളംവെയിലിനെ കുഞ്ഞിന്റെ ചിരിയായും കല്പിച്ചിരിക്കുന്നു.കുട്ടികളുടെ കൊഞ്ചൽ ഏറെ ഹൃദ്യമാണ്.മധുരക്കറി മണിവായിൽ തേച്ചതു നൊട്ടിനുണച്ചു കളിക്കുന്ന കുഞ്ഞിനോട് തോന്നുന്ന അതേ വാത്സല്യം ഓണത്തിനോടും ഓണപ്പാട്ടുകളോടും കവിക്ക് തോന്നുന്നു. ഓണം, ഓണസദ്യ,ഓണക്കളികൾ എല്ലാം ചേർന്ന് തീർക്കുന്ന സന്തോഷത്തിന്റെ നാളുകളുടെ ഓർമ്മ.

20.***വാങ്മയചിത്രങ്ങൾകൊണ്ട് തീർക്കുന്ന പ്രകൃതിവർണനകൾ 'ഓണമുറ്റത്ത്'*** എന്ന കവിതയെ കൂടുതൽ ആസ്വാദ്യമാക്കുന്നു.കുറിപ്പ് തയ്യാറാക്കുക?

ജീവിതത്തിന്റെ കടലിനെ മഷിപ്പാത്രമാക്കി മലയാള കവിതയിൽ ഉജ്ജ്വല മുഹൂർത്തങ്ങൾ തീർത്ത വൈലോപ്പിള്ളി ശ്രീധരമേനോന്റെ "വിട" എന്ന കാവ്യസമാഹാരത്തിലെ കവിതയാണ് ഓണമുറ്റത്ത്. ഗ്രാമവും ഗ്രാമീണതയും കാർഷിക സംസ്കൃതിയും അദ്ദേഹത്തിന്റെ കവിതകളിലെ നിറസാന്നിദ്ധ്യമാണ്.

വാങ്മയചിത്രങ്ങൾകൊണ്ട് തീർക്കുന്ന പ്രകൃതിവർണനകൾ ഓണമുറ്റത്ത് ' എന്ന കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു.

മഴക്കൊണ്ടാലും മേട്ടുകൾ തോറും പാവം ഉമ്പകൾ പൂക്കുട നിറച്ച് വിറച്ചുനിൽക്കുന്നു. പ്രകൃതിയിൽ

മനുഷ്യഭാവംകല്പിച്ച് തീർക്കുന്ന ഇത്തരം വാങ്മയചിത്രങ്ങൾ കവിതയെ ഹൃദ്യമാക്കുന്നുണ്ട്.

തിരികൾ തെറുത്ത് കൊളുത്താൻ യോജിച്ച മുഹൂർത്തം നോക്കി, കുഴഞ്ഞ് മടങ്ങിയ കൈവിരലോടെ ദീപക്കുറ്റികൾ നാട്ടിനിൽക്കുന്ന മുക്കുറ്റികൾ, അല്പംപോലും ഉറങ്ങാതെ വയലേലകളിൽ സ്വർണ്ണനിറത്തിലുള്ള കിഴികൾ എരിയുന്ന വെള്ളിത്താലങ്ങളുമായി എമ്പാടും ശോഭിച്ചുനിൽക്കുന്ന നെയ്യാമ്പലുകൾ .

നേരത്തേ (കാലേ) നിലാവു പരന്ന രാത്രിയിൽ കമുകിൻ പൂക്കുലയരി നിറഞ്ഞ് മനോഹരമായി (ളുമ) എതിരേറ്റുനിൽക്കുന്ന വഴിയിലൂടെ ഓണത്തപ്പൻ (മഹാബലി) എഴുന്നള്ളുകയായി. രാത്രിയെ ഇവിടെ മനോഹരമായി വർണ്ണിച്ചിരിക്കുന്നു.

നീളമുള്ള മലയുടെ ചങ്ങലവട്ട (വിളക്ക്) യിൽ, തിരിനാളം പാടല (ഇളം ചുവപ്പ് ) നിറമാർന്ന വിരലാൽ നീട്ടിയും മനോഹരമായ കവിളുകൾ ഉടുത്തും കുറച്ചു (തെല്ലൊരു) നാണത്തോടെ പതുങ്ങി ഒതുങ്ങി ഓടിക്കോടി ഉടുത്തുവരുന്ന ഗ്രാമീണകന്യകയായി പ്രഭാതെക്കുറിച്ച് വർണ്ണിക്കുന്ന ഭാഗവും വാങ്മയചിത്രങ്ങൾകൊണ്ട് ഏറെ ഹൃദ്യമാണ്.

## *21. ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് -ഉപന്യാസം -പ്രധാന ആശയങ്ങൾ*

- ഓണം-മഹാബലി-ഐതിഹ്യം-മാവേലിയുടെ സന്ദേശം
- കേരളീയർ ജാതിഭേദമോ,ദേശഭേദമോ ഇല്ലാതെ ആഘോഷിക്കുന്നു,
- പൂക്കളം- സമത്വസൂചന, വിവിധ പൂക്കൾ- സുന്ദരമായ പൂക്കളം
- പൂക്കളം, പുത്തൻവസ്ത്രം, സദ്യ, തിരുവാതിരക്കളി, തുമ്പിതുള്ളൽ, നാടൻ കലകൾ, മറ്റു ഓണക്കളികൾ, ആഘോഷം
- കൊയ്ത്തുത്സവം-മീനകൊയ്ത്ത്-പുന്നെല്ലരി-മറ്റു കാർഷിക വിഭവം
- വള്ളംകളി മത്സരങ്ങൾ-ലോകമെങ്ങുമുള്ള മലയാളികൾ ഒന്നിക്കുന്ന സുദിനം
- ഓണം- മാറ്റം
- കൃഷിയില്ല--പച്ചക്കറി അന്യസംസ്ഥാനം-ഓണം പാക്കറ്റിലായി-ഹോട്ടൽസംസ്കാരം
- ചാനൽ-ഓണം-മലയാളി മടിയൻ-വിപണി കീഴടക്കിയ ഓണം
- വിപണി ഓണം-മെഗാ ഓഫർ-ഡിസ്കൗണ്ട് മേള- പരസ്യം-കമ്പനികൾ ലാഭം കൊയ്യുന്നു.
- ഓണക്കളികൾ-അന്യമായി-ചാനൽസംസ്കാരം-മലയാളി പങ്കാളിത്തം കുറവ്
- മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ-എന്ന ഓണപ്പാട്ട് വർത്തമാനകാലത്ത് അപ്രസക്തമാകുന്നു

***prepared by: SURESH AREEKODE, HST ,GHSS ,AREEKODE,Malappuram 9562521509***

***Visit my youtube: mukulam malayalam for 10th Adisthana padavali video lessons &PDF notes***